നം:വി.ആർ. 37379(2)/2016/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 20 /06/2016

12372

**സർക്കുലർ**

വിഷയം:- പൊതുവിദ്യാഭ്യാസം- വിദ്യാരംഗം കലാസാഹിത്യവേദി 2016 വർഷത്തെ അദ്ധ്യാപകദിനത്തോടനുബന്ധിച്ചു നടത്തുന്ന കലാ സാഹിത്യ മത്സരങ്ങൾ-സംബന്ധിച്ച്

സൂചന:-

....

വിദ്യാരംഗം കലാസാഹിത്യവേദി ദേശീയ അദ്ധ്യാപകദിനാഘോഷത്തോടനുബന്ധിച്ച് സ്കൂൾ അദ്ധ്യാപകർക്കായി എല്ലാ വർഷവും നടത്തുന്ന കലാസാഹിത്യമത്സരങ്ങൾ ഈ വർഷവും നടത്തുന്നതാണ്. കഥ, കവിത, തിരക്കഥ, നാടകരചന, ചിത്രരചന എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ നടത്തുന്നത്. കഥയ്ക്കും കവിതയ്ക്കും വിഷയം ഏതുമാകാം. സ്വന്തം കഥയെ ആസ്പദമാക്കിയുള്ളതാകണം തിരക്കഥ. ചിത്രരചനയ്ക്കു (വാട്ടർകളർ) **'വിളവെടുപ്പ്'** എന്നതാണു വിഷയം. ചിത്രരചനയുടെ പേപ്പർ സൈസ് **ഒരു ഡ്രോയിംഗ് ഷീറ്റിന്റെ പകുതി വലിപ്പത്തിൽ** ആയിരിക്കണം.

സർക്കാർ എയ്ഡഡ്, അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപകർക്കു മത്സരത്തിൽ പങ്കെടുക്കാം. കഴിഞ്ഞവർഷം സമ്മാനം ലഭിച്ചവർ വീണ്ടും അതേ ഇനത്തിൽ മത്സരിക്കാൻ പാടുള്ളതല്ല. ഇതോടൊപ്പം നൽകിയിട്ടുള്ള അപേക്ഷയുടെ മാതൃക പൂരിപ്പിച്ച് രചനയോടൊപ്പം അയച്ചുതരേണ്ടതാണ്. രചനകളിൽ എഴുതിയ ആളിന്റെ പേരോ സ്കൂളിന്റെ പേരോ രേഖപ്പെടുത്തുവാൻ പാടുള്ളതല്ല. പ്രഥമാദ്ധ്യാപകന്റെ സാക്ഷ്യപത്രത്തോടൊപ്പം വേണം രചനകൾ അയയ്ക്കേണ്ടത്. ഒന്നിലധികം മത്സരയിനങ്ങളിൽ പങ്കെടുക്കുന്നവർ വെവ്വേറെ അപേക്ഷഫാറങ്ങൾ ഉപയോഗിക്കേണ്ടതാണ്. മത്സരത്തിനയയ്ക്കുന്ന രചനകൾ തിരികെ നൽകുന്നതല്ല. അപേക്ഷാഫോമും രചനകളും 2016 ആഗസ്റ്റ് 15 നകം എഡിറ്റർ, വിദ്യാരംഗം മാസിക, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-14 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. അയയ്ക്കുന്ന കവറിനു പുറത്ത് **'അദ്ധ്യാപക കലാസാഹിത്യ മത്സരം 2016'** എന്ന് രേഖപ്പെടുത്തേണ്ടതാണ്. മത്സരങ്ങളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിക്കുന്നവർക്ക് ദേശീയ അദ്ധ്യാപകദിനമായ സെപ്തംബർ 5 നു നടക്കുന്ന ചടങ്ങിൽ വച്ച് ക്യാഷ് അവാർഡും ട്രോഫിയും സർട്ടിഫിക്കറ്റും നൽകുന്നതാണ്.

വിശ്വസ്തതയോടെ

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എല്ലാ ഉപജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

ബി.a 17/6

അപേക്ഷഫോറത്തിന്റെ മാതൃക

## വിദ്യാരംഗം കലാസാഹിത്യവേദി അദ്ധ്യാപക കലാസാഹിത്യമത്സരം 2016

1. രജിസ്റ്റർ നമ്പർ (ഓഫീസ് ഉപയോഗം) : കഥ/കവിത/തിരക്കഥ/ഏകാങ്കനാടകം/ചിത്രരചന
2. ഇനം :
3. അദ്ധ്യാപകന്റെ/അദ്ധ്യാപികയുടെ പേരും മേൽവിലാസവും (സ്കൂൾ) :
4. അദ്ധ്യാപകന്റെ ഫോൺ നമ്പർ :
5. വീട്ടുമേൽവിലാസം (ജില്ലയും പിൻകോഡും സഹിതം) :
6. സൃഷ്ടയുടെ പേര് :
7. അദ്ധ്യാപകന്റെ ഇ-മെയിൽ :
8. അദ്ധ്യാപകന്റെ ഒപ്പ് :

### പ്രഥമാദ്ധ്യാപകന്റെ സർട്ടിഫിക്കറ്റ്

ശ്രീ./ശ്രീമതി.......................................ഈ വിദ്യാലയത്തിൽ.................... വിഭാഗത്തിൽ ജോലി നോക്കുന്നു. വിദ്യാരംഗം അദ്ധ്യാപക കലാസാഹിത്യ മത്സരത്തിന് അയയ്ക്കുന്ന ഈ സൃഷ്ടി പ്രസ്തുത അദ്ധ്യാപകൻ സ്വന്തമായി രചിച്ചതാണെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

പ്രഥമാദ്ധ്യാപകന്റെ ഒപ്പ്

സ്ഥലം:
തീയതി:

സ്കൂൾ സീൽ

പുറത്തയച്ചത് നമ്പർ - K2/11930/2016 തീയതി 12-7-2016.

മേൽപ്പടി സർക്കുലർ ആവശ്യ അറിവിലേക്കും, അടിയന്തിര നടപടിക്കുമായി അയക്കുന്നു.

For വിദ്യാഭ്യാസ ഉപഡയറക്ടർ
പാലക്കാട്.

സ്വീകർത്താക്കൾ:- എല്ലാ എ.ഇ.ഒ മാർ
" ഡി.ഇ.ഒ.മാർ.